**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4530** **01-07-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന വികസനത്തിൽ നിർണ്ണായകമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ചുവടെപ്പറയുന്ന കസ്റ്റംസ് അംഗീകാരങ്ങൾ ലഭ്യമായിട്ടുണ്ട്.<br>• **Section 7a Approval under Customs Act 1962**: 2024 ജൂൺ 15-ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കസ്റ്റംസ് തുറമുഖമായി പ്രഖ്യാപിച്ചു.<br>• **Section 8 Approval under Customs Act 1962:** ലാൻഡിംഗ് സ്ഥലത്തിന്റെ അംഗീകാരത്തിനും സെക്ഷൻ 8 പ്രകാരം കസ്റ്റംസ് ഏരിയയുടെ പരിധി വ്യക്തമാക്കുന്നതിനുമുള്ള കസ്റ്റംസ് അറിയിപ്പ് 2024 ജൂൺ 24-ന് ലഭിച്ചു.<br>• **Section 45 In Principle Approval under Customs Act 1962:** 2009 ലെ കസ്റ്റംസ് ഏരിയാ റെഗുലേഷനുകളിലെ ചരക്ക് കൈകാര്യം ചെയ്യുന്ന തിനായുള്ള അംഗീകാരം 2024 ജൂൺ 24-ന് ലഭിച്ചു |
| (ബി) | പ്രസ്തുത അംഗീകാരം നേടിയെടുക്കുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് തുറമുഖത്ത് സജ്ജമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഇൻഫ്രാസ്ട്രക്ചർ, ഉപകരണങ്ങൾ, കണ്ടെയ്നറുകൾ ലോഡുചെയ്യുന്നതിനും ഇറക്കുന്നതിനും അടുക്കിവയ്ക്കുന്ന തിനും കൈകാര്യം ചെയ്യുന്നതിനും നിറയ്ക്കുന്നതിനും ഡീ-സ്റ്റഫ് ചെയ്യുന്നതിനും കണ്ടെയ്നറുകളുടെയും ചരക്കുകളുടെയും സംഭരണം, അയയ്ക്കൽ, ഡെലിവറി തുടങ്ങിയവയ്ക്ക് ആവശ്യമായ മനുഷ്യ ശേഷി തുടങ്ങിയ സൗകര്യങ്ങൾ കൂടാതെ, ചുവടെ പ്പറയുന്നവയും സജ്ജമാക്കിയിട്ടുണ്ട്.<br>1. ഓപ്പറേഷൻ ഏരിയയിലും സ്റ്റാക്കിംഗ് ഏരിയ യിലും ഉപയോഗിക്കുന്നതിനുള്ള ഹെവി ഡ്യൂട്ടി ഉപകരണങ്ങൾക്കുള്ള സാധാരണ പാത. |

| | | | |
|---|---|---|---|
| | | | 2. കസ്റ്റംസ് ജീവനക്കാർക്ക് താമസസൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും. കൂടാതെ, കസ്റ്റംസ്, കസ്റ്റംസ് ഇലക്ട്രോണിക് ഡാറ്റ ഇന്റർചേഞ്ച് (ഇഡിഐ) സേവന കേന്ദ്രം എന്നിവയ്ക്കായി പൂർണ്ണമായി സജ്ജീകരിച്ച ഓഫീസ് സൗകര്യങ്ങൾ.<br>3. ഉപയോക്തൃ ഏജൻസികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ.<br>4. ഇറക്കുമതി, കയറ്റുമതി, ട്രാൻസ്ഷിപ്പ്മെന്റ് ചരക്കുകൾക്ക് പ്രത്യേകം സ്റ്റോറേജ് സൗകര്യം.<br>5. തുറമുഖത്തിനകത്തേക്ക് പ്രവേശിക്കുന്നതിനും പുറത്തേക്കു പോകുന്നതിനുമായി വെവ്വേറെയുള്ള ഗേറ്റ് സമുച്ചയം.<br>6. തുറമുഖത്തിലെക്കെത്തുന്ന വാഹനങ്ങൾക്ക് മതിയായ പാർക്കിംഗ് സ്ഥലം.<br>7. ചുറ്റുമതിൽ<br>8. ആന്തരിക സർവീസ് റോഡുകൾ.<br>9. ഇലക്ട്രോണിക് weigh-bridge ഉം മറ്റ് അളക്കുന്ന ഉപകരണങ്ങളും.<br>10. സാധനങ്ങളുടെ ലൊക്കേഷനും അക്കൗണ്ടും, ഡോക്യുമെന്റുകളും പ്രോസസ്സ് ചെയ്യുന്നതിനുള്ള കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം.<br>11. കസ്റ്റംസ് കമ്മ്യൂണിറ്റി പങ്കാളികൾ തമ്മിലുള്ള വിവരങ്ങൾ കൈമാറുന്നതിനും കസ്റ്റംസ് ഓട്ടോമേറ്റഡ് സിസ്റ്റവുമായുള്ള സുരക്ഷിതമായ കണക്റ്റിവിറ്റിക്കുമായി മതിയായ എയർ കണ്ടീഷൻ ചെയ്ത സ്ഥലവും പവർ ബാക്കപ്പ്, ഹാർഡ്‌വെയർ, നെറ്റ്‌വർക്കിംഗ്, മറ്റ് ഉപകരണങ്ങൾ. |
| (സി) | വിഴിഞ്ഞം തുറമുഖത്തിന് പോർട്ട് കോഡ് ലഭ്യമായിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായുള്ള ലൊക്കേഷൻ കോഡ് **(IN NYY 1)** 2024 ജൂൺ 21 ന് ലഭ്യമായിട്ടുണ്ട്. |
| (ഡി) | തുറമുഖം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതിന് ഏതൊക്കെ അംഗീകാരങ്ങളാണ് ഇനി ലഭ്യമാകുവാനുള്ളതെന്നും ഇവ നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ? | (ഡി) | തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതിന് ചുവടെപ്പറയുന്ന അംഗീകാരങ്ങൾ ലഭ്യമാകേണ്ടതുണ്ട്.<br>• EDI (Electronic Data Interchange).<br>• Custodian Code.<br>• Immigration Check Post (ICP).<br>• വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ടിനായുള്ള **NSPC** യുടെ ഇടക്കാല ക്ലിയറൻസ് **28/03/2024** ന് ലഭ്യമായിട്ടുണ്ട്**,** ആയതിന് **07/10/2024** വരെ കാലാവധിയുണ്ട്**.** പൂർണ്ണ അംഗീകാരത്തിനുള്ള ആഡിറ്റ്/ ഇൻസ്പെക്ഷൻ |

ജൂൺ **2024 -** ൽ നടന്നു, അംഗീകാരം പ്രതീക്ഷിക്കുന്നു.

- International Code for the Security of Ships and of Port Facilities (ISPS Code) പ്രകാരം നിബന്ധനകൾ പാലിക്കുന്നതിന്മേലുള്ള ഇടക്കാല അംഗീകാരം **02/04/2024** ന് ലഭ്യമായിട്ടുണ്ട്.

ചുവടെപ്പറയുന്ന തുറമുഖ ഘടകങ്ങളുടെ പൂർത്തീകരണത്തിന് നടത്തിയ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനു ശേഷമാണ് മറ്റ് അനുമതികൾ ലഭിച്ചത്.

- **ബ്രേക്ക് വാട്ടർ :** 2960 മീറ്റർ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.
- **കണ്ടെയ്നർ ബർത്ത് :** 800 മീറ്റർ കണ്ടെനർ ബർത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 400 മീറ്റർ പ്രവർത്തനസജ്ജമാണ്.
- **തുറമുഖത്തെ NH66 മായി ബന്ധിപ്പിക്കുന്ന എൻ.എച്ച് റോഡ് കണക്ടിവിറ്റി :** ആകെ 1700 മീറ്റർ നീളമുള്ള നാലുവരി പാതയുടെ ആദ്യത്തെ 600 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമി ക്കുന്നു.
- **തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകൾ) :** ആകെ 31 ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 23 CRMG ക്രെയിനുകളും 8 RMQ ക്രെയിനുകളു മാണ് ഉൾപ്പെടുന്നത്. ഇവയുടെ കമ്മീഷനിംഗി നുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു.
- **തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (ക്രെയിനുകൾ അല്ലാത്തവ) :**

1. ടഗ്ഗുകൾ: 70 ton BP - 3എണ്ണം, 55 ton BP - 1 എണ്ണ്.
2. പൈലറ്റ് കം സ1 എണ്ണം വിഴിഞ്ഞത്ത് ലഭ്യമായിട്ടുണ്ട്.
3. മൂറിങ് ലോഞ്ചസ് : 2 എണ്ണത്തിനാ യുള്ള ഓർഡർ നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബറിൽ ലഭ്യമാകും.
4. നാവിഗേഷൻ സഹായികൾ : എല്ലാം സ്ഥാപിച്ചിട്ടുണ്ട്.

- പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ് (POB), 220 KV GIS സബ് സ്റ്റേഷൻ, ഗേറ്റ് കോപ്ലക്സ്, 33

| | | | |
|---|---|---|---|
| | | | KV / 11 KV പോർട്ട് സബ് സ്റ്റേഷൻ, സെക്യൂരിറ്റി ബിൽഡിംഗ്, വർക്ക്ഷോപ്പ് ബിൽഡിംഗ് ബിൽഡിംഗ് നിർമ്മാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തിട്ടുണ്ട്. പോർട്ട് യൂസർ ബിൽഡിംഗ് (PUB) ന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.<br>• **ചുറ്റുമതിൽ:** താത്കാലിക ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>• **കണ്ടെയ്നർ ബാക്ക്അപ് യാർഡ് :** 63 ഹെക്ടർ റിക്ലമേഷൻ പൂർത്തീകരിച്ചു. 12.69 ഹെക്ടർ പേവർ ബ്ലോക്ക് സ്ഥാപിക്കൽ പൂർത്തിയായി.<br>• **കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി :** കണ്ടെയ്നർ സ്കാനറുകൾ വാങ്ങുന്നതിലേയ്ക്കായുള്ള അറ്റോമിക് എനർജി റെഗുലേഷൻ ബോർഡ് (AERB) യുടെ അംഗീകാരം 30.05.2024 ലഭ്യമായിട്ടുണ്ട്. കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2024 ആഗസ്റ്റോടെ കണ്ടൈനർ സ്കാനിംഗ് ഫെസിലിറ്റി പ്രവർത്തനസജ്ജമാകുന്നതാണ് |

സെക്ഷൻ ഓഫീസർ